"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം- മലപ്പുറം ജില്ലയിലെ വെളിയങ്കോട് ഗ്രാമപഞ്ചായത്തിലെ മുൻ അക്കൗണ്ടന്റ് ശ്രീമതി.ഷൈലശ്രീ.കെ.എൻ-ന് കെ.എസ്.ആർ, ഭാഗം I , ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1257/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/06/2020

പരാമർശം:- 1 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.

2 സ.ഉ(പി)നം.110/13/ധന തീയതി 01.03.2013

3 ശ്രീമതി.ഷൈലശ്രീ.കെ.എൻ-ന്റെ 14.02.2018ലെ ശൂന്യവേതനാവധിയപേക്ഷ.

4 പഞ്ചായത്ത് ഡയറക്ടറുടെ 03.09.2018, 07.01.2020 എന്നീ തീയതികളിലെ ഇ13-15035/18നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ വെളിയങ്കോട് ഗ്രാമപഞ്ചായത്തിലെ മുൻ അക്കൗണ്ടന്റ് ശ്രീമതി.ഷൈലശ്രീ.കെ.എൻ-ന് 07.05.2016 മുതൽ 05.01.2017 വരേക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 4 ) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി.ഷൈലശ്രീ.കെ.എൻ 19.08.2004 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾ 07.05.2016 മുതൽ 05.01.2017 വരെയുള്ള കാലയളവിലേക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും 06.01.2017 തീയതിയിലുള്ള ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഇനി പരിശോധിക്കാൻ നിർവ്വാഹമില്ല. കൂടാതെ രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരവും നഷ്ടമായിരിക്കുന്നു. അവധിക്കാലയളവ് കഴിഞ്ഞ് 06.01.2017 ൽ ടിയാൾ സേവനത്തിൽ തിരികെ പ്രവേശിച്ചിട്ടുണ്ട്

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം സ്വദേശിയായ ടിയാൾ കോട്ടയം ജില്ലയിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കവേ അക്കൗണ്ടന്റ് തസ്തികയിലേക്ക് സ്ഥാനകയറ്റം ലഭിച്ച് മലപ്പുറം ജില്ലയിൽ നിയമനം ലഭിച്ചപ്പോൾ മുതൽ ടിയാൾ അവധിയിൽ പ്രവേശിച്ചിരുന്നുവെന്നും അക്കൗണ്ടിലുള്ള അനുവദനീയമായ അവധികൾ ശേഷിക്കാത്തതിനാലാണ് ടിയാൾ ശൂന്യവേതനാവധിയിൽ പ്രവേശിച്ചത് എന്നും കണ്ടെത്തുകയുണ്ടായി. ആയതിനാൽ മലപ്പുറം ജില്ലയിലെ വെളിയങ്കോട്

ഗ്രാമപഞ്ചായത്തിലെ മുൻ അക്കൗണ്ടന്റ് ശ്രീമതി.ഷൈലശ്രീ.കെ.എൻ-ന് 07.05.2016 മുതൽ 05.01.2017 വരേക്ക് പരാമർശം(2) ഉത്തരവിന് വിധേയമായി കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ്, ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവക്ക് പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടിസെക്രട്ടറി**

**പകർപ്പ്**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, വെളിയങ്കോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം(പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.ഷൈലശ്രീ.കെ.എൻ, മുൻ അക്കൗണ്ടന്റ്, വെളിയങ്കോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(260/ഇപിഎ1/2018/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ